# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 26-07-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്ത് പരീക്ഷാ പരിഷ്ക്കരണത്തിനായി നന്ദൻ നിലേക്കനിയുടെ നേതൃത്വത്തിൽ ഉന്നതതല കർമ്മസമിതി രൂപീകരിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi announces the constitution of a high-level task force headed by Nandan Nilekani for examination reforms in the country.**

2. രാജ്യത്തിനായി ജീവത്യാഗം ചെയ്ത വീരസൈനികർക്ക് കാർഗിൽ വിജയ് ദിവസിൽ ആദരമർപ്പിച്ച് പ്രധാനമന്ത്രി; സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഹർ ഘർ തിരങ്കയിൽ പങ്കുചേരാനും മൻ കി ബാത്തിൽ ആഹ്വാനം.

   **On Kargil Vijay Diwas, Prime Minister pays tributes to the brave soldiers who sacrificed their lives for the nation; calls upon everyone to join 'Har Ghar Tiranga' on the occasion of Independence Day in 'Mann Ki Baat'.**

3. പൊതു പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള ഭേദഗതി ബിൽ നാളെ ലോകസഭയിൽ; കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് ബിൽ അവതരിപ്പിക്കും.

   **The Public Examinations (Prevention of Unfair Means) Amendment Bill to be introduced in the Lok Sabha tomorrow; Union Minister Jitendra Singh will introduce the Bill.**

4. കരിങ്കടൽ മേഖലയിലെ വാണിജ്യ കപ്പലുകളിൽ ജോലി ചെയ്യാൻ ഉദ്ദേശിക്കുന്ന ഇന്ത്യൻ പൗരന്മാർക്ക് ജാഗ്രതാ നിർദ്ദേശവുമായി വിദേശകാര്യ മന്ത്രാലയം.

**The External Affairs Ministry issues an advisory urging Indian nationals intending to work on commercial vessels in the Black Sea region to exercise caution.**

5. കേരളത്തിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; കണ്ണൂർ കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

**IMD predicts isolated heavy rainfall in Kerala in the coming days; Yellow alert in Kannur and Kasaragod districts today.**

6. ടി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ സിംബാബ്‌വെയ്ക്ക് 193 റൺ വിജയലക്ഷ്യം.

**India set a target of 193 runs against Zimbabwe in the final match of T20 cricket**

**&&&&&&&&&&&&&&&&&&&&&&&&&**

## NANDAN NILEKANI

രാജ്യത്ത് പരീക്ഷ പരിഷ്കരണത്തിനായി ഉന്നതതല കർമ്മസമിതി രൂപീകരിച്ചു. നന്ദൻ നിലേക്കനി സമിതിക്ക് നേതൃത്വം നൽകും. പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ വീഡിയോ സന്ദേശത്തിലൂടെയാണ് ഇക്കാര്യം അറിയിച്ചത്. വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്താണ് തീരുമാനമെന്നും അദ്ദേഹം പറഞ്ഞു.

**&&&&&&&&&&&&&&&&&&&&&&&&&**

## REV. PM-VB VILLAGE-INTRO

'വികസിത് വൈബ്രന്റ് വില്ലേജ് പരിപാടിയിൽ പങ്കെടുത്ത യുവജനങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിംഗിലൂടെ സംവദിച്ചു. നാനൂറിലധികം യുവജനങ്ങൾ പ്രധാനമന്ത്രിയുമായി അനുഭവങ്ങൾ പങ്കുവെച്ചു. രാജ്യത്തെ യുവാക്കൾ ആത്മവിശ്വാസത്തോടെയും ദൃഢനിശ്ചയത്തോടെയും മുന്നേറുന്നുവെന്ന് ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു.

( വോയിസ്....)

ഇന്ത്യയുടെ അതിർത്തി ഗ്രാമങ്ങളിലെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളും, സാംസ്കാരിക പൈതൃകവും യുവാക്കൾ ഉൾപ്പടെയുള്ള ജനങ്ങൾക്ക് നേരിട്ട് അനുഭവ-വേദ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വികസിത് വൈബ്രന്റ് വില്ലേജ് പരിപാടി സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&&&&&&&&

## MKB-KARGIL VIJAY DAY

കാർഗിൽ വിജയ് ദിവസിനോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാജ്യത്തിന്റെ വീരനായകരെ സ്മരിച്ചു. പ്രതിരോധരംഗത്തെ ഉൽപ്പാദനം, കയറ്റുമതി, സൗഹൃദ രാജ്യങ്ങളുമായുള്ള സഹകരണം എന്നിവയിൽ ഇന്ത്യ തുടർച്ചയായി പുതിയ ഉയരങ്ങൾ കീഴടക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൻറെ 136-ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ ദിനം രാജ്യത്തിന്റെ ധീരരായ സൈനികരുടെ അസാധാരണമായ ധൈര്യത്തെ ഓർമ്മിപ്പിക്കുന്നുവെന്നും ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## MKB-CATCH THE RAIN

'ക്യാച്ച് ദി റെയിൻ' സംരംഭത്തിന് കീഴിൽ മഴവെള്ള സംഭരണം, ഭൂഗർഭജല റീചാർജ്, പഴയ ജലാശയങ്ങളുടെ പുനരുദ്ധാരണം, വൃക്ഷത്തൈ നടീൽ എന്നിവ കൂടുതൽ മുന്നേറുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. തൊട്ടടുത്തുള്ള കുളത്തിന്റെയോ കിണറിന്റെയോ ഉത്തരവാദിത്തം ഏറ്റെടുക്കാനും ഓരോ തുള്ളി ജലവും സംരക്ഷിക്കാനും അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&&

## MKB-KERALA

കേരളത്തിലെ എറണാകുളത്തുള്ള സൗത്ത് ചിറ്റൂരിലുള്ള സ്കൂളിലെ കായിക അനുബന്ധ സംരംഭത്തെക്കുറിച്ച് പ്രധാനമന്ത്രി മോദി മൻ കി ബാത്തിൽ പരാമർശിച്ചു. സ്കൂളിലെ സംസ്കൃതം ക്ലബ്ബിലൂടെ അധ്യാപകനായ അഭിലാഷ് വേറിട്ട രീതിയിൽ സംസ്കൃതത്തെ ജനപ്രിയമാക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. 'അക്ഷര കംദുക' എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതി, പഠനം ആസ്വാദ്യകരമാക്കുന്നതോടൊപ്പം കായികരംഗവുമായുള്ള ബന്ധം വളർത്തുന്നുവെന്നും ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&&

## MKB-HANDLOOM DAY (INTRO)

ഓഗസ്റ്റ് 7-ന് 'ദേശീയ കൈത്തറി ദിനം' ആഘോഷിക്കുന്നതിലൂടെ നെയ്ത്തുകാരുടെ കഴിവിനെയും സർഗ്ഗാത്മകതയെയും രാജ്യം ആഘോഷിക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. കൈത്തറി ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് നെയ്ത്തുകാരെ ആദരിക്കാനും 'വോക്കൽ ഫോർ ലോക്കൽ' എന്ന മനോഭാവം കൂടുതൽ ശക്തിപ്പെടുത്താനും അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു.

കുത്താമ്പുള്ളി ഉൾപ്പെടെയുള്ള കേരളത്തിന്റെ പരമ്പരാഗത 'കൈത്തറി മേഖലയെക്കുറിച്ചും ശ്രീ മോദി പരാമർശിച്ചു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&&

## MKB-HAR GHAR TIRANGA (INTRO)

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഈ വർഷവും ഹർ ഘർ തിരംഗ പരിപാടി വൻ ആവേശത്തോടെ മുന്നോട്ട് കൊണ്ടുപോകണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഓഗസ്റ്റ് 15-ന് മുൻപായി MyGov പ്ലാറ്റ്ഫോമിലൂടെ വൈവിധ്യമാർന്ന ആശയങ്ങളും നിർദ്ദേശങ്ങളും പങ്കുവെക്കാൻ അദ്ദേഹം എല്ലാവരോടും അഭ്യർത്ഥിച്ചു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&&

## JOSHI-EDU MIN MEETING

കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയായി പ്രൾഹാദ് ജോഷി ഇന്ന് ചുമതലയേറ്റു. ധർമേന്ദ്ര പ്രധാൻ രാജിവെച്ചതിനെ തുടർന്ന് ഇന്നലെയാണ് ശ്രീ ജോഷിയെ ഈ പദവിയിലേക്ക് നിയമിച്ചത്. ഉപഭോക്തൃ കാര്യം, ഭക്ഷ്യം, പൊതുവിതരണം, നവ പുനരുപയോഗ ഊർജ്ജം എന്നീ വകുപ്പുകളുടെ ചുമതലയും അദ്ദേഹം തുടർന്നും വഹിക്കും. വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പരിപാടികൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും പുതിയ സംരംഭങ്ങൾ നടപ്പിലാക്കുന്നതിനും മുൻപായി അതിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി മനസ്സിലാക്കുകയാണ് തന്റെ പ്രഥമ മുൻഗണനയെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&&

## PARLIAMENT BILL

പൊതു പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള ഭേദഗതി ബിൽ- 2026 നാളെ ലോകസഭയിൽ കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് അവതരിപ്പിക്കും. തിങ്കളാഴ്ചത്തെ സഭാ നടപടികളുടെ പട്ടികയിൽ ഈ ബിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2024-ലെ പൊതു പരീക്ഷാ (ക്രമക്കേടുകൾ തടയൽ) നിയമം ഭേദഗതി ചെയ്യാനാണ് ഈ ബിൽ ലക്ഷ്യമിടുന്നത്. ചോദ്യപേപ്പർ ചോർച്ച, പരീക്ഷാ ക്രമക്കേടുകൾ എന്നിവയുമായി ബന്ധപ്പെട്ട കേസുകളിൽ കർശന ശിക്ഷ ഉറപ്പാക്കുന്നതിനും അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിനുമുള്ള കരട് ബില്ലിന് വെള്ളിയാഴ്ച കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയിരുന്നു.

&&&&&&&&&&&&&&&&&&&

## LAKSHADWEEP-FEVER

ലക്ഷദ്വീപിലെ വിവിധ ദ്വീപുകളിൽ ഡെങ്കിപ്പനിയും ചെള്ള് പനിയും റിപ്പോർട്ട് ചെയ്യതായി ലക്ഷദ്വീപ് ആരോഗ്യ വകുപ്പ് അറിയിച്ചു. രോഗവ്യാപന സാധ്യതകൾ കണക്കിലെടുത്ത് പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കി. കൊതുക്, ചെള്ള് എന്നിവയുടെ ഉറവിടങ്ങൾ കണ്ടെത്തി നശിപ്പിക്കുന്നതിനും പൊതുജനങ്ങളിൽ ബോധവൽക്കരണം ശക്തമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&&

## RAIN KERALA

ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ കേരളത്തിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ

കാസറഗോഡ് ജില്ലകളിൽ ഇന്നും മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. മഹാരാഷ്ട്രയിലും ഒഡീഷയിലും അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&&&

## MEA ADVISORY- INTRO

കരിങ്കടൽ മേഖലയിലെ വാണിജ്യ കപ്പലുകളിൽ ജോലി ചെയ്യാൻ ഉദ്ദേശിക്കുന്ന ഇന്ത്യൻ പൗരന്മാർക്ക് ജാഗ്രതാ നിർദ്ദേശവുമായി വിദേശകാര്യ മന്ത്രാലയം. ജോലിക്ക് തയ്യാറാകുന്നതിന് മുൻപ് നിലവിലുള്ള സുരക്ഷാ അപകടസാധ്യതകൾ ശ്രദ്ധാപൂർവ്വം വിലയിരുത്തണമെന്ന് മന്ത്രാലയം അറിയിച്ചു.

**വിശദാംശ ങ്ങളിലേയ്ക്ക്...**

(വോയിസ്)

## MEA ADVISORY- VOICE

കരിങ്കടൽ മേഖല വഴി കടന്നുപോകുന്ന വാണിജ്യ കപ്പലുകൾ, മിസൈൽ, ഡ്രോൺ ആക്രമണങ്ങൾ ഉൾപ്പെടെയുള്ള വലിയ സുരക്ഷാ ഭീഷണികൾ നേരിടുന്നതായി മന്ത്രാലയത്തിന്റെ നിർദ്ദേശത്തിൽ പറയുന്നു. കപ്പലുകൾക്ക് നേരെ ഉണ്ടായ ആക്രമണത്തിൽ ഇതുവരെ അഞ്ച് ഇന്ത്യൻ പൗരന്മാരാണ് കൊല്ലപ്പെട്ടത്. കപ്പലിന്റെ നിർദ്ദിഷ്ട പാത, അടുക്കുന്ന തുറമുഖങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ, ഇൻഷുറൻസ് പരിരക്ഷ, അടിയന്തര പ്രതികരണ നടപടികൾ എന്നിവയെക്കുറിച്ചുള്ള വിശദവിവരങ്ങൾ തൊഴിലുടമകളിൽ നിന്നോ റിക്രൂട്ട്മെന്റ് ഏജൻസികളിൽ നിന്നോ കപ്പൽ ഓപ്പറേറ്റർമാരിൽ നിന്നോ ശേഖരിക്കണം. ജോലി ചെയ്യുന്നവർ

തങ്ങളുടെ യാത്രാവിവരങ്ങൾ കുടുംബാംഗങ്ങളെ അറിയിക്കുകയും അവരുമായി പതിവായി ആശയവിനിമയം നടത്തുകയും ചെയ്യണം. കോൺസുലാർ സഹായം ആവശ്യമായ ഇന്ത്യൻ പൗരന്മാർ ഈ മേഖലയിലെ ഇന്ത്യൻ എംബസിയുമായോ കോൺസുലേറ്റുകളുമായോ ബന്ധപ്പെടണം. റഷ്യയിലെ ഇന്ത്യൻ എംബസിയെ ബന്ധപ്പെടാനുള്ള നമ്പർ: +7 9652773414, യുക്രെനിലെ ഇന്ത്യൻ എംബസിയുടെ നമ്പർ: +38 0933559958. ഉം ആണ്. ന്യൂസ്ഡെസ്ക്, ആകാശവാണി

&&&&&&&&&&&&&&&&&&&&

## INDIA IN UKRAINE - VESSEL

യുക്രെനിലെ ഒഡെസ തുറമുഖത്ത് അപകടത്തിൽപ്പെട്ട ചരക്കുകപ്പൽ MV AGN Ragnar റുമായി ബന്ധപ്പെട്ട സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്ന് ഇന്ത്യൻ എംബസി അറിയിച്ചു. കപ്പലിലുണ്ടായിരുന്ന നാല് ഇന്ത്യൻ പൗരന്മാരിൽ രണ്ടുപേർ സുരക്ഷിതരാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടെന്നും മറ്റ് രണ്ടുപേരെക്കുറിച്ചുള്ള വിവരങ്ങൾ അന്വേഷിച്ച് വരുന്നതായും എംബസി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## T-20 CRICKET

ഇന്ത്യ – സിംബാബ് വെ ടി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ സിംബാബ് വെയ്ക്ക് 193 റൺ വിജയലക്ഷ്യം. ഒടുവിൽ വിവരം ലഭിക്കുമ്പോൾ സിംബാബ് വെ 13 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 104 റൺ എടുത്തിട്ടുണ്ട്. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 2-0 ത്തിന് മുന്നിലാണ്.

&&&&&&&&&&&&&&&&&&&&

## CWG-WEIGHTLIFTING

കോമൺവെൽത്ത് ഗെയിംസ് ഭാരോദ്വഹനം 60 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ ഋഷികാന്ത സിംഗ് ചാനമ്പത്തിന് വെള്ളി മെഡൽ. 264 കിലോഗ്രാം ഉയർത്തിയാണ് ഋഷികാന്തയുടെ നേട്ടം. ഗെയിംസിൽ ഈ വിഭാഗത്തിൽ ഇന്ത്യയുടെ രണ്ടാമത്തെ മെഡലാണ് ഇത്.

&&&&&&&&&&&&&&&&&&&

## PM-SQUASH CHAMPIONSHIP

കാനഡയിൽ നടന്ന ലോക സ്ക്വാഷ് ജൂനിയർ ചാമ്പ്യൻഷിൽ പെൺകുട്ടികളുടെ സിംഗിൾസ് വിഭാഗത്തിൽ ഇന്ത്യൻ താരം അനാഹത് സിംഗിന് കിരീടം. ഈജിപ്റ്റിന്റെ റുഖയ്യ സലീമിനെ 3-0 ന് തോൽപിച്ചാണ് അനാഹത് ജൂനിയർ ലോക കിരീടം സ്വന്തമാക്കിയത്. സ്വർണ്ണ മെഡൽ നേട്ടത്തിൽ അനാഹത് സിങ്ങിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&&

## FACT CHECK

എല്ലാ ഞായറാഴ്ചയും രാത്രി 8 ന് പ്രധാനമന്ത്രി നരേന്ദ്രമോദി ഇൻസ്റ്റഗ്രാമിലൂടെ യുവജനങ്ങളുമായി സംവദിക്കുമെന്നതായി പ്രചരിക്കുന്ന സമൂഹമാധ്യമ പോസ്റ്റുകൾ വ്യാജമെന്ന് കേന്ദ്രസർക്കാർ. പ്രധാനമന്ത്രി ഇത്തരമൊരു പ്രസ്താവന നടത്തിയിട്ടില്ലെന്നും, തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കരുതെന്നും പി.ഐ.ബിയുടെ ഫാക്ട് ചെക് വിഭാഗം അറിയിച്ചു.

&&&&&&&&&&&&&&&&&&&

&&&&&&&

&&&